# III. ശ്രദ്ധക്ഷണിക്കൽ

## (1) കേരളത്തിലെ സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനവും ഫീസ് ഘടനയും സംബന്ധിച്ച് നിയമ നിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുഭവിക്കുന്ന ഗുരുതരമായ ഒരു പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് മേഖലയിലും മറ്റ് വിദ്യാഭ്യാസ രംഗങ്ങളിലുമൊക്കെയുള്ള സ്ഥാപനങ്ങളിലെ 60 ശതമാനം സീറ്റും സ്വാശ്രയ മാനേജുമെന്റുകളുടെ കൈവശമാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട നിയമ നിർമ്മാണമാണ് സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനവും ഫീസ് ഘടനയും നിശ്ചയിച്ചുകൊണ്ടുള്ള നിയമം കേരള നിയമസഭ പാസ്സാക്കിയത്. അത് സുപ്രീം കോടതിയിൽത്തന്നെ ചോദ്യം ചെയ്തതുകൊണ്ട് ഇപ്പോൾ ആ നിയമം കേരളത്തിൽ നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതിയാണ് ഉണ്ടായിരിക്കുന്നത്. എന്നാൽ അതിനെത്തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ചേർന്ന് 104-ാം ഭരണഘടനാ ഭേദഗതി അംഗീകരിച്ചതോടുകൂടി നമ്മുടെ സംസ്ഥാനത്തിന് ഇടപെടാനുള്ള അവസരം ലഭിച്ചിരിക്കുകയാണ്. അതിനനുസരിച്ചുള്ള നടപടി സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുന്നില്ല. ഇന്നലെ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി യോഗം ചേർന്നപ്പോൾ ഈ പ്രശ്നം ഉന്നയിച്ച സന്ദർഭത്തിൽ ഇപ്പോൾ ഇതു സംബന്ധിച്ച് ഒരു നിയമനിർമ്മാണം കൊണ്ടുവരാനുള്ള ഒരു ആലോചനയും ഗവൺമെന്റിന് ഇല്ലെന്നാണ് വ്യക്തമായിരിക്കുന്നത്. 2002 ഒക്ടോബറിൽ ടി.എം.എ. പൈ കേസ്സിൽ സുപ്രീം കോടതിയുടെ 11 അംഗ ബഞ്ചിന്റെ വിധിയെത്തുടർന്നാണ് സ്വകാര്യ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗം സമ്പൂർണ്ണമായ ഒരു കച്ചവടമായി മാറുന്ന സ്ഥിതി രാജ്യത്ത് ഉണ്ടായത്. പൈ കേസ്സിൽ വിധി വരുന്നതുവരെ 1992-ലെ ഉണ്ണികൃഷ്ണൻ കേസ്സിനെ അടിസ്ഥാനമാക്കിയാണ് കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനവും ഫീസ് ഘടനയും നിശ്ചയിച്ചു വന്നിരുന്നത്. ഉണ്ണികൃഷ്ണൻ കേസ്സിന്റെ അടിസ്ഥാനത്തിലാണ് യു.ഡി.എഫ്. ഗവൺമെന്റ് 50 ശതമാനം സീറ്റുകൾ മാനേജുമെന്റ് ക്വാട്ടയിലും 50 ശതമാനം സീറ്റുകളിൽ ഗവൺമെന്റ് കോളേജുകളിലെ ഫീസും നിശ്ചയിച്ചുകൊണ്ട് കേരളത്തിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുമെന്നുള്ള പ്രഖ്യാപനം നടത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ 5 കൊല്ലക്കാലമായിട്ടും ഗവൺമെന്റ് പ്രഖ്യാപിച്ച നയം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ കേരളത്തിന് സാധിച്ചിട്ടില്ല. പൈ കേസ്സിൽ, സുപ്രീംകോടതി ഉണ്ണികൃഷ്ണൻ കേസ് ഭരണഘടനാ വിരുദ്ധമാണെന്ന നിലപാടാണ് സ്വീകരിച്ചത്. ഭരണഘടന അനുച്ഛേദം 19 (1) (ജി) പ്രകാരമുള്ള തൊഴിൽ ചെയ്യുന്നതും വ്യാപാരമോ വ്യവസായമോ നടത്തുന്നതും മൗലികമായ അവകാശമാണെന്നും പ്രവേശന കാര്യത്തിൽ സർക്കാർ ഇടപെടുന്നതും ഫീസ് നിശ്ചയിക്കുന്നതും സ്ഥാപന നടത്തിപ്പുകാരുടെ മൗലിക അവകാശത്തിനു നേരേയുള്ള കൈകടത്തലാണെന്നുമാണ് സുപ്രീംകോടതി പൈ കേസ്സോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമാക്കിയത്. അതിനെത്തുടർന്ന് രാജ്യത്ത് വമ്പിച്ച വിദ്യാർത്ഥി സമരങ്ങൾ നടന്നു. കേരളത്തിൽ ഐതിഹാസികമായ പോരാട്ടം നടന്നു. നിരവധി വിദ്യാർത്ഥികൾക്ക് പരിക്കേറ്റു. ലാത്തിച്ചാർജ്ജും ടിയർ ഗ്യാസും ഗ്രനേഡുമൊക്കെ പ്രയോഗിച്ചുകൊണ്ട് ആ വിദ്യാർത്ഥി സമരത്തെ നേരിടാൻ ശ്രമിച്ചു. കേന്ദ്ര ഗവൺമെന്റ് ഒടുവിൽ ഈ പ്രശ്നത്തിൽ ഇടപെട്ടുകൊണ്ട് ഒരു തീരുമാനം കൈക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നയം, അത് പാർലമെന്റിൽ പാസ്സാക്കിയ ഭരണഘടനാ ഭേദഗതിയോടെ കേരളത്തിൽ നമുക്ക് ഈ കാര്യത്തിൽ ഒരു പുതിയ അവസരം സൃഷ്ടിച്ചത് എന്തുകൊണ്ട് ഉപയോഗിച്ചില്ല എന്നതാണ് പ്രശ്നം. സുപ്രീംകോടതിയിലും ഹൈക്കോടതിയിലും ഈ കേസ് നടന്ന സന്ദർഭത്തിൽ കേരളാ ഗവൺമെന്റ് മാനേജുമെന്റുകളുമായി ഒത്തുകളിച്ചു. നിയമ വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. കെ. എം. മാണിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ചേർന്നുകൊണ്ട് ഹൈക്കോടതിയിലും സുപ്രീംകോടതിയിലും സ്വീകരിച്ച നിലപാടിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തിന് വിരുദ്ധമായ തീരുമാനമാണ് സുപ്രീംകോടതിയിൽനിന്നും ഹൈക്കോടതിയിൽനിന്നും ഉണ്ടായത്. എൻ.ആർ.ഐ. കോട്ടയിലേക്കുള്ള വാദം തന്നെ നടത്തിയത് കേരള ഗവൺമെന്റാണെന്ന് ഇപ്പോൾ സുപ്രീംകോടതി വിധി ന്യായത്തിൽ വ്യക്തമാക്കി യിരിക്കുകയാണ്. ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങാൻ പാടില്ല എന്ന് സുപ്രീംകോടതി തന്നെ ഒരു ഘട്ടത്തിൽ പറഞ്ഞതാണ്. നമ്മൾ അംഗീകരിച്ച നിയമത്തിനകത്തും ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിരുന്നു. അതനുസരിച്ച് മാനേജുമെന്റുകളുടെ പേരിൽ നടപടി സ്വീകരിക്കാൻ കേരള ഗവൺമെന്റിന് സാധിച്ചില്ല. മാനേജുമെന്റ് കോട്ടയിൽ മെഡിക്കൽ പ്രവേശനത്തിന് 50 ലക്ഷം രൂപ വരെ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങിയ കോളേജുകൾ കേരളത്തിലുണ്ട്. അങ്ങനെയുള്ള മാനേജുമെന്റിന്റെ പേരിൽപോലും നടപടി സ്വീകരിക്കാതെ ഇപ്പോഴത്തെ അവസ്ഥ പ്രകാരം അടുത്ത അദ്ധ്യയന വർഷത്തോടുകൂടി മാനേജുമെന്റിന് 100 ശതമാനം സീറ്റിലും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള അനുമതിയാണ് സുപ്രീംകോടതിയുടെ വിധിയോടുകൂടി ഇപ്പോൾ കൈവന്നിരിക്കുന്നത്. ഇതിന്റെ ഗൗരവം എന്താണെന്ന് ചോദിച്ചാൽ ഏപ്രിൽ മാസത്തിൽ ഇവിടെ പ്രവേശന പരീക്ഷ ആരംഭിക്കുന്നു. പ്രവേശന പരീക്ഷ ആരംഭിക്കുമ്പോൾ 50 ശതമാനം സീറ്റിലേക്ക് ഗവൺമെന്റ് നിശ്ചയിച്ച ഫീസ് വാങ്ങിക്കാനുള്ള നിലപാടല്ല ഇവിടെ സ്വീകരിക്കാൻ പോകുന്നത്. നമ്മൾ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലല്ല ഏപ്രിൽ മാസത്തിൽ ഇവിടെ നിയമനം നടക്കുന്നത്. സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരമാണെങ്കിൽ 100 ശതമാനം സീറ്റിലും മാനേജുമെന്റ് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള അനുമതി ലഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇതിന്റെ ഭാഗമായി നഗ്നമായ വിദ്യാഭ്യാസ കച്ചവടം നടത്താനുള്ള അവസരമാണ് ഉണ്ടാകാൻ പോകുന്നത്. 2004-ലെ വിദ്യാർത്ഥി പ്രവേശനം സർക്കാർ ലിസ്റ്റിൽ നിന്ന് നടത്തണമെന്ന് ഹൈക്കോടതി പറഞ്ഞിട്ടുപോലും അത് പാലിക്കാൻ കേരളത്തിലെ മാനേജുമെന്റ് തയ്യാറായിരുന്നില്ല എന്ന വസ്തുത ഈ ഘട്ടത്തിൽ നാം പ്രത്യേകം പരിഗണിക്കേണ്ടതാണ്. ഭരണഘടനാ ഭേദഗതി വന്നതോടുകൂടി ഇപ്പോൾ എല്ലാ പ്രശ്നത്തിനും പരിഹാരമായി എന്ന് പറയുന്നില്ല. ഈ ഭരണഘടനാ ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ചുകൊണ്ട് സർക്കാർ നിയമനിർമ്മാണം നടത്തുന്നില്ലെങ്കിൽ പിന്നെ ഒന്നും ചെയ്യാൻ സാധിക്കില്ല. സംസ്ഥാനത്തിന് ഇതിൽ ഇടപെടാൻ കഴിയില്ല എന്ന വാദഗതി ഇപ്പോൾ ഉയർന്നുവന്നിട്ടുള്ളത് ശരിയല്ല. സ്ഥാപന നടത്തിപ്പ് ഭരണഘടനയുടെ അനുച്ഛേദം 19 (1) (ജി) യിൽപ്പെടുത്തി സ്റ്റേറ്റിൽ വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്നവർക്കും എസ്.സി./എസ്.ടി. വിഭാഗത്തിനും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭ്യമാക്കുന്നതിന് നിയമനിർമ്മാണത്തിലൂടെ ഏത് പ്രത്യേക വ്യവസ്ഥയ്ക്കും എന്ന് ഭരണഘടനാ ഭേദഗതിയിൽ പറഞ്ഞത് special provision ഉണ്ടാക്കാൻ സ്റ്റേറ്റിന് അധികാരം നൽകിക്കൊണ്ടാണ്. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് നിയമനിർമ്മാണം നടത്താനുള്ള എല്ലാ അവകാശവും ലഭിച്ചു കഴിഞ്ഞിരിക്കുകയാണ്. Special provision-ൽ സ്ഥാപന നടത്തിപ്പ് ഭരണഘടനയുടെ അനുച്ഛേദം 19 (1) (ജി) യിൽപ്പെടുത്തി മൗലികാവകാശം നൽകിയതിനാലാണ് ഇത്തരത്തിൽ ഭേദഗതി വരുത്തേണ്ടിവന്നത്. അതോടുകൂടി സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിൽ സർക്കാർ ഇടപെടുന്നത് മൗലികാവകാശ ലംഘനമാണെന്ന പൈ കേസ് വിധിയെ മറികടക്കാനുള്ള ഒരു അവസരം ലഭിച്ചുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ടുള്ള ഗുണം, സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്കും മുന്നോക്ക വിഭാഗത്തിൽ തന്നെയുള്ള ദരിദ്ര ജനവിഭാഗങ്ങൾക്കും സംവരണം ഏർപ്പെടുത്തുന്നതിനുള്ള അവസരവും ഇതിന്റെ ഫലമായി ലഭിക്കും. പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക്, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക്, മുന്നോക്ക സമുദായത്തിൽ തന്നെയുള്ള ദരിദ്ര ജനവിഭാഗങ്ങൾക്ക് ഇത്രയും ആളുകൾക്ക് സംവരണം ലഭിക്കാനുള്ള അവസരം കേരളത്തിൽ ലഭിക്കുകയാണ്. നരേന്ദ്രൻ കമ്മീഷന്റെ പേരിൽ വളരെയധികം കൊട്ടിഘോഷിക്കുന്ന ഈ സന്ദർഭത്തിൽ സ്വാശ്രയ കോളേജിലെ വിദ്യാർത്ഥി പ്രവേശനത്തെ സംബന്ധിച്ച് ഇങ്ങനെ ഒരു തീരുമാനം കൈക്കൊള്ളുന്നില്ലെങ്കിൽ അടുത്ത അദ്ധ്യയന വർഷത്തെ 100 ശതമാനം സീറ്റും മാനേജുമെന്റിന് ഏൽപ്പിച്ചുകൊടുക്കാൻ ഈ നിയമസഭ കൂട്ടുനിൽക്കുന്നു എന്ന അവസ്ഥയാണ് വരാൻപോകുന്നത്. പിന്നോക്കക്കാരന് സ്വകാര്യ സ്ഥാപനങ്ങളിൽ പ്രവേശനം നൽകുന്നതിന് any special provision ഉണ്ടാക്കാം. ഭരണഘടനാ ഭേദഗതി വന്നതോടുകൂടി വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് കൊടുക്കാൻ നമുക്ക് സാധിക്കും. ഇവിടെ നമ്മൾ എടുത്ത തീരുമാനമനുസരിച്ച് 50 ശതമാനം സീറ്റിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസ് വിദ്യാർത്ഥി പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ എന്നുള്ള തീരുമാനം നടപ്പാക്കാൻ കിട്ടിയിരിക്കുന്ന ഒരു അവസരമാണിത്. ഈ അവസരം നമ്മൾ പാഴാക്കിക്കഴിഞ്ഞാൽ അടുത്ത അദ്ധ്യയന വർഷം മുതൽ ഇവിടെ സംഭവിക്കാൻ പോകുന്നത് മേയ് മാസത്തിൽ ഇവിടെ അസംബ്ലി ഇലക്ഷൻ നടക്കുന്നു. ഈ അസംബ്ലി സമ്മേളനം കഴിഞ്ഞാൽ ഓർഡിനൻസ് പുറപ്പെടുവിക്കാൻ സാധിക്കാതെ വരും. ഈ അസംബ്ലി സമ്മേളനം നടക്കുമ്പോൾ ഈ ബിൽ ഇവിടെ സർക്കുലേറ്റ് ചെയ്തിരുന്നുവെങ്കിൽ ബില്ലിന്റെ അടിസ്ഥാനത്തിൽ അസംബ്ലി സമ്മേളനം കഴിഞ്ഞാൽ ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് സർക്കാരിന് കഴിയുമായിരുന്നു. ഇപ്പോൾ ഈ ബിൽ സർക്കുലേറ്റ് ചെയ്യാത്ത സാഹചര്യത്തിൽ ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാൽ ഓർഡിനൻസ് പുറപ്പെടുവിക്കാൻപോലും ഈ ഗവൺമെന്റിന് സാധിക്കാത്ത

LIBRARY ARCHIVES Kerala Legislative Assembly

ഭരണഘടനാ പ്രതിസന്ധിയാണ് ഇവിടെ വരാൻ പോകുന്നത്. അങ്ങനെ വരുമ്പോൾ ഏപ്രിൽ മാസത്തിൽ വിദ്യാർത്ഥി പ്രവേശനം നടക്കും. ഇലക്ഷൻ ഘട്ടമാകുമ്പോൾ മാനേജുമെന്റുകൾക്ക് ഇഷ്ടംപോലെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള അനുമതി ഗവൺമെന്റ് കൊടുക്കുകയാണ്. ഇവിടെ വിദ്യാഭ്യാസ കച്ചവടക്കാരും കേരള ഗവൺമെന്റും ചേർന്ന് ഒത്തുകളിക്കുകയാണ് ചെയ്യുന്നത്. അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ സ്വകാര്യ കോളേജ് മാനേജുമെന്റുകളെ തങ്ങളുടെകൂടെ നിർത്തി അവരിൽനിന്ന് കാര്യങ്ങൾ നേടിയെടുക്കാനുള്ള ശ്രമമാണ് ഈ നിയമനിർമ്മാണം നീട്ടിക്കൊണ്ടു പോകുന്നതിന്റെ പിന്നിൽ പതിയിരിക്കുന്ന രഹസ്യം. വിദ്യാഭ്യാസ കച്ചവടക്കാരും ഗവൺമെന്റും തമ്മിൽ ധാരണയുണ്ടാക്കിക്കഴിഞ്ഞിരിക്കുകയാണ്. അതിന്റെ ഭാഗമായി ഇവിടെ നിയമനിർമ്മാണം നടത്താൻവേണ്ടി ഗവൺമെന്റ് കാലതാമസം ഉണ്ടാക്കുകയാണ്. കേരളത്തിലെ പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും എല്ലാ മതവിഭാഗത്തിൽപ്പെട്ടവർക്കും എല്ലാ ജാതിയിലുംപെട്ട സാധാരണക്കാരായ ദരിദ്രനാരായണൻമാർക്കും ഉന്നത വിദ്യാഭ്യാസരംഗം അപ്രാപ്യമാകുന്ന അവസ്ഥയാണ് വരാൻ പോകുന്നത്. പിന്നോക്ക സമുദായക്കാരന് സംവരണം ഏർപ്പെടുത്തുന്നതുകൊണ്ടുമാത്രം വിദ്യാർത്ഥികൾക്ക് കോളേജിൽ പോയി പഠിക്കാൻ സാധിക്കില്ല. ഇപ്പോൾത്തന്നെ എഞ്ചിനീയറിംഗിന് 3,000 സീറ്റ് ഒഴിഞ്ഞുകിടക്കുകയാണ്. ഉയർന്ന ഫീസ് ആയതുകൊണ്ടാണ് വിദ്യാർത്ഥികൾ അവിടെ പോയി ചേരാത്തത്. അപ്പോൾ സർക്കാർ നിശ്ചയിക്കുന്ന സർക്കാർ കോളേജിലെ ഫീസ് വാങ്ങിക്കൊണ്ടുള്ള 50 ശതമാനം വിദ്യാർത്ഥി പ്രവേശനം നടത്തുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണം, അതാണ് മാനേജുമെന്റിന്റെ തീരുമാനം. അത് നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ ഈ ഗവൺമെന്റ് നടത്തുന്നില്ല. ഈ നിയമസഭാ സമ്മേളനം 21-ാം തീയതി അവസാനിക്കാൻവേണ്ടിയുള്ള ബി.എ.സി.-യുടെ തീരുമാനം ഇന്ന് നമ്മൾ അംഗീകരിക്കുന്നതോടുകൂടി ഈ സഭ അനിശ്ചിതകാലത്തേക്ക് പിരിയും. ഈ നിയമസഭ ഇനി ചേരാൻ പോകുന്നില്ല. ഈ സന്ദർഭത്തിൽ ഇതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് അടിയന്തിരമായി നിയമനിർമ്മാണം കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണമെന്ന് പ്രതിപക്ഷം ഇന്നലെ ശക്തമായിട്ട് ആവശ്യപ്പെട്ടെങ്കിലും ഗവൺമെന്റ് അതിന് തയ്യാറാകാത്ത സാഹചര്യത്തിലാണ് അങ്ങയുടെ ശ്രദ്ധയിൽ ഈ ഗൗരവതരമായ പ്രശ്നം ഉന്നയിക്കുന്നത്. ഗവൺമെന്റിൽനിന്ന് ഒരു ഉത്തരം അങ്ങ് ഈ സഭയുടെ മുമ്പാകെ അറിയിക്കണം. അതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ഇവിടെ വന്നില്ല. അതിന് സാക്ഷ്യം വഹിക്കുന്ന ശ്രീ. വക്കം പുരുഷോത്തമൻ സ്ഥലംവിട്ടു. ഇത്തരം പ്രശ്നങ്ങളോട് ഗവൺമെന്റ് കാണിക്കുന്ന മനോഭാവമാണ് ഇത് വ്യക്തമാക്കുന്നത്. ഏതായാലും നിയമ വകുപ്പുമന്ത്രി ഇവിടെയിരിക്കുന്നതുകൊണ്ട്, ഇതിൽ ഒന്നാമത്തെ ബിൽ അദ്ദേഹത്തിനായതുകൊണ്ട് ഈ കാര്യത്തിൽ ഒരു നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതല്ല അടുത്ത തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് പൈസ വാങ്ങാനുള്ള ഉദ്ദേശത്തോടുകൂടിയാണെങ്കിൽ അത് തുറന്നുപറയണം എന്നുപറഞ്ഞുകൊണ്ട് ഈ നിയമനിർമ്മാണത്തിനുവേണ്ടി ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) : സർ, സ്വാശ്രയ മാനേജുമെന്റുകളുമായി ഈ ഗവൺമെന്റ് യാതൊരു ധാരണയും ഉണ്ടാക്കിയിട്ടില്ല. ഇത് ഒത്തുകളിയല്ല. കോടതിയിൽ കേസ് തോറ്റുപോയാൽ ഒത്തുകളിയാണെന്ന് പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. നമ്മൾ വിചാരിക്കുന്ന കേസുകളെല്ലാം ജയിക്കണമെന്നില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : കേസ് ജയിക്കുക മാത്രമല്ല പരാജയപ്പെടുകയും ചെയ്യും. അങ്ങനെ പരാജയപ്പെട്ടാൽ അതിന് പ്രതിവിധി കാണണ്ടേ? ആയിരക്കണക്കിന് കുട്ടികൾ അനാഥരാവുകയാണ്. അവർ അമിതമായ ഫീസ് കൊടുക്കേണ്ട ഗതികേട് ഉണ്ടാവുകയല്ലേ? അവരെ രക്ഷിക്കാൻ എന്താണ് പ്രതിവിധി എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ഈ പ്രശ്നം പരിഹരിക്കണമെന്ന കാര്യത്തിൽ സർക്കാരിന് യാതൊരു അഭിപ്രായവ്യത്യാസവുമില്ല. വളരെ ഗുരുതരമായ പ്രശ്നമാണിത്. ഈ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ ഗവൺമെന്റും പ്രതിപക്ഷവുമായി യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ചില വസ്തുതകൾ ഞാൻ പറയാം. സ്വാശ്രയ പ്രൊഫഷണൽ കോളേജ് പ്രവേശനത്തെ സംബന്ധിച്ച് ഈനാംദാർ കേസിൽ അവസാനമായി 12-8-2005-ലെ സുപ്രീംകോടതി വിധിയിൽ സ്വാശ്രയ പ്രവേശനത്തിന് ഗവൺമെന്റിന് മെറിറ്റിലോ സംവരണത്തിലോ കാര്യ ഏർപ്പെടുത്താൻ പാടില്ല എന്ന് വ്യക്തമാക്കിയിരുന്നു. അതുകാരണം കേരള ഗവൺമെന്റ് പാസ്സാക്കിയ 2004-ലെ കേരള സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജ് നിയമത്തിലെ 50 ശതമാനം ഗവൺമെന്റ് സീറ്റും 50 ശതമാനം മാനേജുമെന്റ് സീറ്റും എന്ന സംവരണ തത്വം നമുക്ക് നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യം വന്നുചേർന്നു. ഇതിനുള്ള പരിഹാരം സമഗ്രമായ ഒരു കേന്ദ്ര നിയമം വരുക എന്നുള്ളതായിരുന്നു.

10.00 A.M.] ഇൻഡ്യയിലെ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും യോഗം കേന്ദ്ര ഗവൺമെന്റ് വിളിച്ചുകൂട്ടിയപ്പോഴും ഇതേ അഭിപ്രായമാണ് ഉയർന്നു വന്നത്. ഇങ്ങനെ ഒരു നിയമനിർമ്മാണം നടക്കുമെന്ന് പ്രതീക്ഷിച്ചുവെങ്കിലും കേന്ദ്ര ഗവൺമെന്റ് നിയമനിർമ്മാണം നടത്തിയില്ല. എന്നാൽ എസ്.സി./എസ്.ടി., മറ്റു പിന്നോക്കവിഭാഗ സംവരണം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന 104-ാം ഭരണഘടനാ ഭേദഗതി നിലവിൽ വന്നതോടുകൂടി സംവരണ സീറ്റുകളുടെ കാര്യ നിശ്ചയിക്കാൻ നിഷ്കർഷിക്കുവാൻ സാധിക്കുമെങ്കിലും 50 ശതമാനം മെറിറ്റ് സീറ്റിൽ ഗവൺമെന്റ് ഫീസ് നിരക്കിൽ കുട്ടികളെ പ്രവേശിപ്പിക്കാനുള്ള സാദ്ധ്യത ഇപ്പോഴും നമുക്ക് ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ സ്വാശ്രയ കോളേജ് കേസുകളിൽ കേരള ഗവൺമെന്റിനു വേണ്ടി സുപ്രീം കോടതിയിൽ കേസ് നടത്തിയ പ്രമുഖ അഭിഭാഷകൻ ശ്രീ. കെ. വേണുഗോപാലിനോട് നിയമോപദേശം തേടുകയുണ്ടായി. ഈ നിയമോപദേശത്തിൽ ചൂണ്ടിക്കാണിച്ച ഒരു വസ്തുത കേരള ഗവൺമെന്റ് പാസ്സാക്കിയ നിയമത്തെ ചോദ്യം ചെയ്തുകൊണ്ട് പുഷ്പഗിരി മാനേജ്മെന്റ് ഉൾപ്പെടെയുള്ളവർ സുപ്രീംകോടതിയിൽ സമർപ്പിച്ച കേസ് 2006 ജനുവരിയിലോ ഫെബ്രുവരിയിലോ കോടതിയിൽ വരും എന്നതായിരുന്നു. കേരള സർക്കാർ പാസ്സാക്കിയ നിയമം ദുർബലപ്പെട്ടില്ല എങ്കിലും ഈ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം പ്രവർത്തിക്കാൻ 12-8-2005-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റിന് അവകാശമില്ല. ഈ സാഹചര്യത്തിൽ കേരളാ നിയമം ചോദ്യം ചെയ്തുകൊണ്ടുള്ള കേസിൽ സുപ്രീംകോടതി വിധി കാത്തിരിക്കുക എന്നുള്ളതാണ് ഒരു പോംവഴി. എന്നാൽ ഈനാംദാർ കേസിൽ സുപ്രീംകോടതിയുടെ ഏഴംഗ ബഞ്ചിന്റെ 12-8-2005-ലെ വിധി വന്നിട്ടുള്ള സാഹചര്യത്തിൽ നമ്മൾ പാസ്സാക്കിയ നിയമത്തിന് പൂർണ്ണമായും സാധൂകരണം കിട്ടാനുള്ള സാദ്ധ്യത കുറവാണ്. മാത്രമല്ല, കേരളാ നിയമം ചോദ്യം ചെയ്തുകൊണ്ടുള്ള കേസിൽ വിധി വരുന്നതിന് കാലതാമസം നേരിടുന്നു എങ്കിൽ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജിലേക്കുള്ള അടുത്തവർഷത്തെ അഡ്മിഷൻ അസാദ്ധ്യമായി തീരുന്ന സാഹചര്യം വന്നുചേരാൻ ഇടയുണ്ട്. കേന്ദ്ര ഗവൺമെന്റ് സംവരണമല്ലാത്ത കാര്യം സംബന്ധിച്ച് ഒരു നിയമനിർമ്മാണം നടത്തുമോ അതിനുവേണ്ടി കാത്തിരിക്കുമോ എന്നതാണ് ഒരു പ്രശ്നം. കേന്ദ്ര ഗവൺമെന്റ് ഒരു പുതിയ നിയമം കൊണ്ടുവരുന്നില്ല എന്നും സംസ്ഥാന ഗവൺമെന്റുകൾ അവരുടെ നിയമം നടപ്പിലാക്കിക്കൊള്ളട്ടെ എന്നുള്ളതുമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഇപ്പോഴത്തെ നിലപാട്. സംസ്ഥാന നിയമസഭയിലെ നിയമനിർമ്മാണാധികാരം ഉപയോഗിച്ച് ഇങ്ങനെ ഒരു നിയമ നിർമ്മാണം നടത്താൻ സാധിക്കുന്നതാണ്. ഈനാംദാർ കേസിലെ വിധിയിൽ പ്രസ്തുത വിധിപ്രകാരമുള്ള കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റോ സംസ്ഥാന ഗവൺമെന്റുകളോ പുതിയ നിയമനിർമ്മാണം നടത്തുന്നതുവരെ ബാധകമായിരിക്കും എന്ന് പറഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നേരത്തെ പാസ്സാക്കിയ നിയമപ്രകാരമോ അല്ലെങ്കിൽ അതേ നിയമത്തിലെ വകുപ്പുകൾ ഏർപ്പെടുത്തിക്കൊണ്ടുള്ള പുതിയ നിയമനിർമ്മാണപ്രകാരമോ കാര്യങ്ങൾ സുഗമമായി നടന്നുപോകുന്നതിനും തുടർന്ന് കേസിനും മറ്റും പോകാതിരിക്കുന്നതിനും ഉതകുന്ന വിധത്തിൽ സ്വാശ്രയ എഞ്ചിനീയറിംഗ് മെഡിക്കൽ കോളേജ് മാനേജ്മെന്റുമായി ഒരു ചർച്ച നടത്താവുന്നതാണ്. അങ്ങനെ ചർച്ച നടത്തുമ്പോൾ നേരത്തെ നമ്മൾ പാസ്സാക്കിയ നിയമത്തിൽ ഇങ്ങനെ മെറിറ്റ് സീറ്റിന്റെ കാര്യം അപ്രകാരം തന്നെ അംഗീകരിച്ചു കൊണ്ട് എന്നാൽ ഫീസിന്റെ കാര്യത്തിൽ മെറിറ്റിൽ തന്നെ ഒരു സ്റ്റേജ് കൂടി ഉണ്ടാക്കി അവരുമായി ധാരണയിൽ എത്താൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനം നടക്കേണ്ടത് 2006 ജൂലൈ മാസം 1-ാം തീയതിയോടുകൂടിയാണ്. എൻട്രൻസ് പരീക്ഷയ്ക്കുള്ള പ്രോസ്പെക്ടസ് ഇറക്കിയിട്ടുണ്ട്. സ്വാശ്രയ കോളേജ് പ്രവേശനം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസുകളിലെ വിധിക്ക് വിധേയമായി ആയിരിക്കും സ്വാശ്രയ കോളേജുകളിലെ ഗവൺമെന്റ് സീറ്റുകളുടെ ലഭ്യത എന്ന നിബന്ധന ഉൾപ്പെടുത്തിയാണ് പ്രോസ്പെക്ടസ് ഇറക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഇപ്പോൾ പുതിയ നിയമനിർമ്മാണം സാദ്ധ്യമാണോ എന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ നിയമ വകുപ്പിന്റെ ഉപദേശം തേടിയിരിക്കുകയാണ്. 13-ാം തീയതി ഈ കാര്യം ചർച്ച ചെയ്യുന്നതിനായി കൂടിയ ക്യാബിനറ്റ് സബ് കമ്മിറ്റി ഈ പ്രശ്നം പരിഹരിക്കുന്നതിനായി എല്ലാ രാഷ്ട്രീയ കക്ഷികളുടേയും അഭിപ്രായം ആരായുന്നതിനും ഒരു പൊതുധാരണ ഉണ്ടാക്കുന്നതിനും ഇന്ന് രണ്ട് മണിക്ക് നിയമസഭയിലെ എല്ലാ കക്ഷി നേതാക്കളുടേയും ഒരു യോഗം വിളിച്ചിരിക്കുകയാണ്. ക്യാബിനറ്റ് സബ് കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങളും പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ കമ്മിറ്റിയുടെ സെക്രട്ടറി മരണപ്പെട്ടതുകാരണം പെട്ടെന്ന് അങ്ങോട്ട് പോകേണ്ടിവന്നിരിക്കുന്നു. അതുകൊണ്ട് ആ യോഗം നീട്ടിവച്ചിരിക്കുന്നു. ഫോർമലായി വിവരം അറിയിക്കുന്നതാണ്. മറ്റൊരു ദിവസം യോഗം ചേർന്ന് ഇക്കാര്യം തീരുമാനിക്കുന്നതാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ വളരെ പെട്ടെന്ന് തീരുമാനം ഉണ്ടാകണമെന്ന കാര്യത്തിൽ നിർബന്ധമുണ്ട്. ഇവിടെ പറഞ്ഞതുപോലെ എന്റെ അറിവ് അനുസരിച്ച് ബിൽ സർക്കുലേറ്റ് ചെയ്തിട്ടില്ലെങ്കിലും സഭ പിരിഞ്ഞാൽ ഓർഡിനൻസ് പുറപ്പെടുവിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. ഏതായാലും ഇക്കാര്യത്തിൽ ശക്തമായ നടപടി തന്നെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതാണ്. യാതൊരുവിധത്തിലും അഭിപ്രായ വ്യത്യാസമില്ല. പ്രതിപക്ഷവുമായി ഒന്നിച്ച് നിന്നുകൊണ്ടുതന്നെ ഇക്കാര്യത്തിന് പരിഹാരം കാണണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇതിൽ സംശയിക്കേണ്ട കാര്യമില്ല.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഗവൺമെന്റ് എന്തുചെയ്യും എന്നുള്ളതിനെപ്പറ്റി ഞാൻ ഇപ്പോൾ പറയുന്നില്ല. കാരണം ഞങ്ങൾ കൂട്ടായിട്ട് ആലോചിച്ചതിനുശേഷം വേണ്ടത് ചെയ്യും. പക്ഷെ ആ നിയമ പ്രശ്നം ബഹുമാനപ്പെട്ട കോടിയേരി ഉന്നയിച്ചപ്പോൾ ഒരു സംശയം പ്രകടിപ്പിക്കപ്പെട്ടു. 21-ാം തീയതി നിയമസഭ പിരിയുന്നു എന്നുള്ളത് ബിസ്സിനസ്സ് അഡ്വൈസറി കമ്മിറ്റി കൂടി തീരുമാനിച്ചതാണ്. 21-ാം തീയതി നിയമസഭ പിരിയുന്നു എന്ന് തീരുമാനമെടുത്തതിന് കൂട്ടായ ഉത്തരവാദിത്വമാണ്. പക്ഷെ നിയമസഭ പിരിഞ്ഞാൽ ഓർഡിനൻസ് പറ്റുകയില്ല എന്നുള്ള ശ്രീ. കോടിയേരിയുടെ വാദം ശരിയല്ല, ആവശ്യമെങ്കിൽ ഓർഡിനൻസ് അന്ന് കൊണ്ടുവരാം. പക്ഷെ ഗവൺമെന്റിന്റെ നിലപാട്, ഞങ്ങൾ കൂട്ടായി ആലോചിച്ചേ ചെയ്യുകയുള്ളൂ. നിയമപ്രശ്നം പറഞ്ഞതിന് ഞാൻ ഉത്തരം പറയുകയാണ്. നിയമസഭ പിരിഞ്ഞാൽ പിന്നെ ഓർഡിനൻസ് കൊണ്ടുവരാൻ പാടില്ല എന്നുള്ളത് ശരിയല്ല. ആവശ്യമായ സന്ദർഭങ്ങളിൽ ആവശ്യമുണ്ടെങ്കിൽ മന്ത്രിസഭ തീരുമാനിക്കുന്നു എങ്കിൽ ഓർഡിനൻസ് കൊണ്ടുവരാവുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഏതായാലും ഒരു നിയമ തർക്കം എന്നുള്ള നിലയ്ക്ക് ഇലക്ഷൻ പ്രഖ്യാപിക്കുന്നതിനിടയിൽ ഓർഡിനൻസ് കൊണ്ടുവരുന്നതിന്റെ സാങ്കേതിക പ്രശ്നമൊക്കെയുണ്ട്. ഇവിടെ സംവരണം സംബന്ധിച്ച് സുപ്രീംകോടതി പറഞ്ഞതിലും ഇപ്പോൾ പാർലമെന്റ് പാസ്സാക്കിയ നിയമപ്രകാരവും നമുക്ക് ഫീസ് ഇളവ് കൊടുക്കാൻ കഴിയും എന്നുള്ളതാണ് ഞങ്ങൾക്ക് കിട്ടിയിരിക്കുന്ന നിയമോപദേശം. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഫീസ് ഇളവ് കൊടുക്കാൻ പറ്റില്ല എന്നാണ്. പിന്നോക്ക വിഭാഗക്കാർക്ക് സ്വകാര്യ സ്ഥാപനത്തിൽ പ്രവേശനം ലഭിക്കുന്നതിന് Any Special Provision എന്നുപറഞ്ഞ വകുപ്പ് ഉപയോഗിച്ച് ഈ ഫീസ് ഇളവും കൂടി കൊടുക്കാൻ കഴിയുമോ എന്നുള്ള കാര്യം സംബന്ധിച്ച് ഒരു വിദഗ്ധോപദേശം തേടാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ? അതുസംബന്ധിച്ച് എന്താണ് വസ്തുത?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഞാൻ കുറച്ചുമുമ്പ് അതിനെപ്പറ്റി ഇവിടെ പറഞ്ഞതാണ്.

## (2) കടൽമാക്രികളുടെ ആക്രമണംമൂലം വലകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര സഹായം നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കേരളത്തിലെ ഒൻപത് തീരദേശ ജില്ലകളിലെ ലക്ഷക്കണക്കിന് വരുന്ന മൽസ്യത്തൊഴിലാളികളെ വളരെയേറെ ഗുരുതരമായി ബാധിച്ചിട്ടുള്ള കടൽമാക്രി ആക്രമണത്തെക്കുറിച്ചാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടു വരുന്നത്. സുനാമി ദുരന്തത്തിനുശേഷം സുനാമിയുടെ പശ്ചാത്തലത്തിൽ കടലിന്റെ ഉൾക്കടലിൽ ഉണ്ടായിട്ടുള്ള പല ഘടകങ്ങളുടേയും വ്യതിയാനത്തിന്റേയും അടിസ്ഥാനത്തിൽ കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത രീതിയിൽ ഏറ്റവും അപകടകരമായ കടൽമാക്രി എന്ന കടൽ ജീവി പ്രത്യക്ഷപ്പെടുകയും അത് പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ മൽസ്യബന്ധന വലകൾ ഉൾപ്പെടെ പൂർണ്ണമായും നശിപ്പിച്ച് തീരദേശത്ത് വളരെയേറെ സാമ്പത്തിക നഷ്ടവും പട്ടിണിയും ഉണ്ടാക്കിയിരിക്കുകയാണ്. സർക്കാരിന്റെ കണക്ക് എന്തായിരുന്നാലും ഏതാണ്ട് 20 കോടി രൂപയുടെ നഷ്ടം ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. സുനാമിദുരന്തം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായത് വേണമെങ്കിൽ രണ്ടോ മൂന്നോ ജില്ലകളിൽ എന്നുവേണമെങ്കിൽ പറയാം. ഇത് തീരദേശത്ത് 9 ജില്ലകളിലും ഏകദേശം എല്ലാ മൽസ്യത്തൊഴിലാളികളേയും ബാധിച്ച കാര്യമാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ അറബിക്കടലിൽ ഇത്തരത്തിലുള്ള ഒരു പ്രതിഭാസം ഉണ്ടായിട്ടില്ല. ബംഗാൾ ഉൾക്കടൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലാണ് ഇത് ഉണ്ടാകാറ്. ചില വിദേശ രാജ്യങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് പണ്ട് കൂട്ടത്തോടെ ഉണ്ടായതായി പറയുന്നുണ്ട്. അറബിക്കടലിൽ ആദ്യമായി ഉണ്ടായ ഈ പ്രതിഭാസം ഏറ്റവും ദുരന്തമായി ബാധിച്ചത് പരമ്പരാഗത മൽസ്യത്തൊഴിലാളികളെയാണ്. ഈ ജീവിയുടെ ഒരു പ്രത്യേകത ഇത് സാധാരണ മത്സ്യങ്ങളെ തിന്നുന്നതിന് വേണ്ടിയുള്ള ഒരു ജീവിയാണ്. വളരെ അപൂർവ്വമായി കാലവർഷത്തിന്റെ വ്യത്യാസത്തിൽ ചാകര ഉണ്ടാകുന്ന സന്ദർഭങ്ങളിൽ പലപ്പോഴും ഒന്നും രണ്ടും മൂന്നും ആയി വരാറുണ്ട്. ഇങ്ങനെ കൂട്ടത്തോടെ ലക്ഷക്കണക്കിന്, കോടിക്കണക്കിന് കടൽ ജീവികളാണ് ഓരോ സ്ഥലങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. ശാസ്ത്രജ്ഞർ തന്നെ ഇതിനുവേണ്ടി നടത്തിയ അന്വേഷണത്തിൽ പറയുന്ന നിഗമനം സുനാമിയുടെ പശ്ചാത്തലത്തിൽ കടലിന്റെ നീരൊഴുക്കുമൂലം അടിത്തട്ടിൽ വലിയ പരിണാമം ഉണ്ടായിരിക്കുകയാണ്. ആ പരിണാമത്തിന്റെ ഫലമായാണ് ഈ കടൽമാക്രി അറബിക്കടലിൽ പ്രത്യക്ഷപ്പെട്ടത് എന്നാണ്. ഇത് കൂട്ടത്തോടെ തീരക്കടലിലും ഉൾക്കടലിലും വന്ന് കടലിൽ ഇന്നുള്ള മൽസ്യങ്ങളെ കൂട്ടത്തോടെ തിന്നുക മാത്രമല്ല മൽസ്യത്തൊഴിലാളികളുടെ വലയിൽ കുടുങ്ങുന്നു. ഇതിന്റെ പല്ല് ബ്ലേഡിനേക്കാൾ വളരെയേറെ മൂർച്ചയുള്ളതാണ്. ഒരു ഇലക്ട്രിക് സ്വിച്ച് ഇട്ടാൽ ഉണ്ടാകുന്ന ഷോക്ക് പോലെയാണ് ഇതിന്റെ പല്ലിന്റെ പ്രത്യേകത. ഇതിന്റെ പല്ല് വെറുതേ നൈലോൺ വലയിൽ ഒന്ന് തൊട്ടാൽ വല

LIBRARY ARCHIVES Kerala Legislative Assembly

പെട്ടെന്ന് പൂർണ്ണമായും ഛിന്നഭിന്നമായിപ്പോകും. ഇതിന്റെ ഫലമായി 50, 60 മൽസ്യത്തൊഴിലാളികൾ പണിയെടുക്കാൻ പോകുന്ന മൽസ്യബന്ധന വള്ളങ്ങൾ, ഏകദേശം മൂവായിരം കിലോവരെ തൂക്കമുള്ള ലക്ഷക്കണക്കിന് രൂപ വിലയുള്ള വലകൾ മുഴുവൻ ഇത് അകപ്പെട്ട് നശിച്ചുപോയിരിക്കുകയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ തീരദേശ പ്രദേശങ്ങളിൽ മൽസ്യത്തൊഴിലാളികൾ തൊഴിലില്ലാതെ പട്ടിണിയിലായി. മൽസ്യം പിടിക്കുന്നതിനു വേണ്ടിയുള്ള അവരുടെ വലകൾ നഷ്ടപ്പെട്ടു, അവർക്ക് സർക്കാരിൽ നിന്നും ഒരു സഹായവും ഇതുവരെ ഉണ്ടായിട്ടില്ല. നിരവധി തവണയായി ഇതിനുവേണ്ടി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ ബഡ്ജറ്റ് ചർച്ച ഞാൻ ശ്രദ്ധിക്കുകയായിരുന്നു. ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് തീരദേശത്തെ മൽസ്യത്തൊഴിലാളികളുടെ ഈ ദുരന്തത്തെപ്പറ്റി പറയാൻ ഈ സഭയിലെ അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന ആളുകൾ കാര്യമായി കണ്ടില്ല എന്നുള്ളത് വേദനയോടുകൂടി എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. ആരും ഒന്നും പറഞ്ഞില്ല. സുനാമിക്കുശേഷം 20 കോടി രൂപയുടെ നാശനഷ്ടമുണ്ടാക്കിയ ഈ സംഭവം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും അപ്പുറത്തിരിക്കുന്ന തീരദേശ എം.എൽ.എ.-മാർ ഉൾപ്പെടെ ശ്രമിച്ചില്ല എന്നുള്ളത് ഖേദകരമായ കാര്യമാണ്. അതുകൊണ്ട് ഇവർക്ക് അടിയന്തിരമായ സഹായം—വളരെ ഗൗരവതരമായ വിഷയമാണ്. ഇവരെ അടിയന്തിരമായി സഹായിക്കാൻ ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു അനുകൂലമായ നിലപാട് സ്വീകരിക്കണം. സുനാമിയുമായി ബന്ധപ്പെട്ടവരെ സഹായിക്കാൻവേണ്ടി ഉണ്ടാക്കിയ പ്രത്യേകമായ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുടെ ചുമതലയുള്ള ധനകാര്യ വകുപ്പുമന്ത്രിയും ഇവിടെ സന്നിഹിതരാണ്. സുനാമി ദുരന്തസ്ഥലങ്ങളിൽ സഹായിക്കുന്നതുപോലെതന്നെ അതിലും വലിയ ദുരന്തമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ മൽസ്യത്തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി അടിയന്തിരമായ നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, വളരെ ഗൗരവതരമായ കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ചത്. സുനാമിക്കുശേഷം ഉണ്ടായ, അതിനേക്കാൾ വലിയ ഒരു ദുരന്തമായിട്ടാണ് തീരദേശവാസികൾ ഈ ദുരന്തത്തെ കാണുന്നത്. ലീഗോസിഫാലസ് ഇനർമിസ് എന്ന് ശാസ്ത്രീയനാമമുള്ള കടൽമാക്രി അഥവാ പേത്ത മൽസ്യം ഇംഗ്ലീഷിൽ (puffer) പഫർഫിഷ് എന്നുപറയും. ഇത് കേരളതീരക്കടലിൽ അപൂർവമായി കണ്ടുവരുന്നതും വിഷമുള്ളതും ഭക്ഷ്യയോഗ്യമല്ലാത്തതുമായ ഒരു മൽസ്യമാണ് ഇത്. എഡിബിൾ അല്ല, മറ്റൊന്നിനും ഉപയോഗിക്കാൻ കഴിയുകയില്ല; ടോക്സിക്കാണ്. വിഷമുണ്ട്. ചിറകുകളുടെ വലിപ്പക്കുറവുകൊണ്ട് സഞ്ചാരശേഷി വളരെ കുറവായിട്ടുള്ള ഈ മൽസ്യം ഒഴുക്കിൽപ്പെട്ടാണ് എത്തുന്നത്. തമിഴ്നാട്ടിലും ആന്ധ്രയിലും സർവസാധാരണമായിട്ടുള്ള ഈ മൽസ്യം കടൽ ഒഴുക്കിൽപ്പെട്ടാണ് കേരളതീരത്ത് എത്തിയത്. കാലവർഷശേഷം മാന്നാർ കടൽതീരത്തു നിന്നും ഉത്ഭവിക്കുന്ന സമുദ്രാന്തര നീരൊഴുക്ക് കേരളതീരത്തുകൂടി മംഗലാപുരത്തേക്ക് നീങ്ങുന്നു. ഈ ഒഴുക്കിൽപ്പെട്ട് കടൽമാക്രികൾ കേരളതീരത്ത് എത്താറുണ്ട്. എന്നാൽ ഈ വർഷം



LIBRARY ARCHIVES Kerala Legislative Assembly

വളരെക്കൂടുതൽ കടൽമാക്രികൾ കേരളത്തിൽ എത്തുകയും മൽസ്യത്തൊഴിലാളികളുടെ വലകൾ കടിച്ചുകീറി വളരെ നാശനഷ്ടം വരുത്തുകയും ചെയ്തു. ഇത് 2004 ഡിസംബർ 24-ലെ സുനാമിയുടെ അനന്തര ഫലമായി കണക്കാക്കണമെന്നാണ് ശാസ്ത്രജ്ഞർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കേരളത്തിലെ കസ്പോരകൾക്കും ഇൻലറ്റുകൾക്കുമാണ് കടൽമാക്രികൾ കൂടുതൽ നാശനഷ്ടമുണ്ടാക്കിയിട്ടുള്ളത്. സർക്കാരിന് കിട്ടിയ കണക്കനുസരിച്ച് 9.9 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ഞാൻ പറയാം, കിട്ടിയ അപേക്ഷയുടെ കണക്കാണ്. തിരുവനന്തപുരം-334 അപേക്ഷ, 61 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. കൊല്ലം-730 അപേക്ഷകൾ കിട്ടിയിട്ടുണ്ട്, 144 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ആലപ്പുഴ-966 അപേക്ഷകൾ കിട്ടിയിട്ടുണ്ട്, 161 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. എറണാകുളം-302 അപേക്ഷകൾ കിട്ടിയിട്ടുണ്ട്, 57 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. തൃശ്ശൂർ-232 അപേക്ഷകൾ കിട്ടിയിട്ടുണ്ട്, 71 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. മലപ്പുറം-160 അപേക്ഷകൾ കിട്ടിയിട്ടുണ്ട്, 110 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. കോഴിക്കോട്-967 അപേക്ഷകൾ കിട്ടിയിട്ടുണ്ട്, 151 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. കണ്ണൂർ-285 അപേക്ഷകൾ കിട്ടിയിട്ടുണ്ട്, 111 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. കാസർകോഡ്-380 അപേക്ഷകൾ കിട്ടിയിട്ടുണ്ട്, 45 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. ആകെ 4356 അപേക്ഷകൾ ഇപ്പോൾ കിട്ടിയിട്ടുണ്ട്. 9.9 കോടി രൂപയുടെ നാശനഷ്ടങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇപ്പോൾ ഇതിന്റെ ശല്യം വളരെ കുറഞ്ഞിട്ടുണ്ടെങ്കിലും മത്സ്യത്തൊഴിലാളികൾ വളരെ ബുദ്ധിമുട്ടിലാണ്. കക്കകൾ മുഖ്യാഹാരമാക്കിയിട്ടുള്ള ഈ പേരക്ക് കക്കയുടെ തോട് പൊളിക്കുന്നതിനായി മേൽത്താടിയിലും കീഴ്ത്താടിയിലും പ്ലേറ്റുകൾ പോലെ രണ്ട് ഉറച്ച പല്ലുകളുണ്ട്. ഇത് ഉപയോഗിച്ചാണ് വല കീറി മുറിക്കുന്നത്. ഒരു രസമുള്ളത്, നിറമുള്ള വലകളെ പ്രത്യേകിച്ച് ചുവപ്പുനിറമുള്ള വലകൾ കണ്ടാൽ ഇവ കൂടുതൽ ആക്രമിക്കും. അതാണ് ഏറ്റവും വലിയ പ്രശ്നം. കേരളതീരത്ത് ഈ മൽസ്യം വലയിൽ പെട്ടാൽ പെട്ടെന്ന് മൽസ്യത്തൊഴിലാളികൾ തിരിച്ച് കടലിലേക്ക് എറിയുകയാണ് പതിവ്. ഇങ്ങനെ വലിച്ചെറിയുന്ന മൽസ്യങ്ങൾ മറ്റ് വലകളിൽ പെടാനും വീണ്ടും വലകളെ നശിപ്പിക്കാനുമുള്ള സാദ്ധ്യത വർദ്ധിക്കും എന്നതിനാൽ കടൽമാക്രികളെ തിരിച്ച് കടലിൽ വലിച്ചെറിയാതിരിക്കുന്നതിനും വളമായി ഉപയോഗിക്കുന്നതിനും കരയിൽ എത്തിക്കാനുമുള്ള ബോധവൽക്കരണം നടത്തിയിട്ടുണ്ട്. കടൽമാക്രിമൂലമുള്ള നഷ്ടം പരിഹരിക്കുന്നതിനായി കേന്ദ്രത്തിൽ നിന്നും സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. സർ, ഒരു കാര്യം വളരെ വ്യക്തമാണ് ഇവരെ സഹായിച്ചേ മതിയാകൂ. ഗവൺമെന്റ് ഇവരെ സഹായിക്കുമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. എന്ത് സഹായം വേണമെന്നുള്ളത് ഇന്ന് കൂടുന്ന കാബിനറ്റ് യോഗത്തിൽ തീരുമാനമെടുക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. ഏതായാലും തീരദേശ വാസികൾക്ക് ഉണ്ടായ ഈ വലിയ ദുരന്തം ലഘുവായി കാണാൻ കഴിയുകയില്ല. സുനാമിക്കുശേഷം വളരെ ബുദ്ധിമുട്ടിലായ തീരദേശവാസികൾ കടൽമാക്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഉപദ്രവം കാരണം വീണ്ടും ബുദ്ധിമുട്ടിലായിരിക്കുന്നു. വളരെ ഗൗരവതരമായ ഈ പ്രശ്നം മാനുഷികമായ രീതിയിൽ കണ്ടുകൊണ്ട് അവരെ സഹായിക്കാൻ നടപടി സ്വീകരിക്കുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഈ ഔദ്യോഗികമായ കണക്ക് നൂറ് ശതമാനവും ശരിയല്ല. ഏകദേശം 20 കോടി രൂപയ്ക്ക് താഴെ നാശനഷ്ടമുണ്ടായിട്ടുണ്ട്. വളരെ മാനുഷികമായ പരിഗണന അർഹിക്കുന്ന കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി വളരെ വികാരപരമായി ഈ വിഷയം പറയുന്ന ആളാണ്. ഇത് സഹായിക്കേണ്ടതാണ്, സഹായിക്കുമെന്നു പറഞ്ഞു, ഇത് സമയബന്ധിതമായി സഹായിച്ചാലേ കാര്യമുള്ളൂ. ആൾ മരിച്ചതിനുശേഷം ജീവവായു കൊടുത്തിട്ട് കാര്യമുണ്ടോ? ആൾ മരിക്കുന്നതിനുമുമ്പ് ജീവവായു കൊടുത്താലേ കാര്യമുള്ളൂ. അതുകൊണ്ട് മൽസ്യത്തൊഴിലാളികൾക്ക് ഈ നഷ്ടം നികത്തി അവരുടെ ജീവിതത്തിലേക്ക് തിരിച്ചുവരുന്നതിനുവേണ്ടി വല കൊടുക്കുന്നതിനും, നൂലും വലയും മാത്രം കൊടുത്താൽ പോരാ, അത് മൽസ്യബന്ധനത്തിന് പോകത്തക്ക രീതിയിലാക്കി മാറ്റുന്നതിന് വേണ്ടിയുള്ള സഹായം ഫിഷറീസ് ഡിപ്പാർട്ടുമെന്റ് വഴിയും മത്സ്യഫെഡ് വഴിയും അടിയന്തിരമായി യുദ്ധകാലാടിസ്ഥാനത്തിൽ സമയബന്ധിതമായി നൽകുന്നതിനുള്ള ഉറച്ച പ്രഖ്യാപനം മാത്രമല്ല നടപടി ഉണ്ടാകുമോയെന്നാണ് എനിക്ക് അറിയേണ്ടത്. ഇല്ലെങ്കിൽ യാതൊരു സംശയവും വേണ്ട, ഇമിക്കുന്ന സീറ്റിന്റെ നിറം നോക്കാതെ ട്രഷറി ബഞ്ച് ആണെന്ന് നോക്കാതെ ഞാൻ ഉൾപ്പെടെയുള്ള ആളുകൾ ശക്തമായ നിലപാട് സ്വീകരിക്കേണ്ടിവരുമെന്നുകൂടി അറിയിക്കുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ബഹുമാനപ്പെട്ട മെമ്പറെപ്പോലെതന്നെ വികാരമുള്ള ആളാണ് ഞാൻ. ഞാനും ജനിച്ചത് കടൽപ്പുറത്താണ്. നിമവധി പേർ ഇവിടെയുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ വികാരം മനസ്സിലാക്കുന്നു. ഒരു കാര്യം വളരെ തീർച്ചയാണ്. അവർക്ക് വളമെ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് അടുത്ത സീസൺ ആരംഭിക്കുന്നതിനു മുമ്പായി അവർക്ക് വലകൾ കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റ് നടപ്പിലാക്കുമെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്.

# IV. സബ്മിഷൻ

## (1) വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിന്റെ പണി

ഡോ. എ. നീലലോഹിതദാസൻ നാടാർ : 1962-ൽ തറക്കല്ലിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ആദ്യം ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ തന്നെ പൂർത്തീകരിക്കാൻ പല കാരണങ്ങളാൽ താമസമായി. രണ്ടും മൂന്നും ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ അനുമതി ലഭിക്കുന്നതിനുതന്നെ കാലതാമസമുണ്ടായി. ഇപ്പോൾ ഏതാണ്ട് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു, ഇനി കുറച്ചു പണികൾ മാത്രമേ ബാക്കിയുള്ളൂ. പുനരധിവാസം സംബന്ധിച്ച കുറച്ച്

LIBRARY ARCHIVES Kerala Legislative Assembly